**പതിനാലാം കേരള നിയമസഭ**
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1639

19.01.2021 ൽ മറുപടിക്ക്

## കുടുംബശ്രീ വഴിയുള്ള സ്ത്രീ ശാക്തീകരണ പദ്ധതികൾ

**ചോദ്യം**
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പി.വി.അൻവർ
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ എം. രാജഗോപാലൻ

**മറുപടി**
എ. സി. മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രസ്ഥാനമായി കുടുംബശ്രീയെ മാറ്റിത്തീർക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കുടുംബശ്രീ അംഗങ്ങൾക്ക് സാമ്പത്തിക സ്വാശ്രയത്വം ലഭ്യമാക്കുകയാണ് കുടുംബശ്രീ സൂക്ഷ്മസരംഭ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി മേഖലയിൽ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1)സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമ്പത്തിക സ്വാശ്രയത്വം ലഭ്യമാക്കുന്നതിനായി പ്രത്യാശ പദ്ധതി ആരംഭിച്ചു.<br>(2) 2018 ലെ പ്രളയത്തിനോടനുബന്ധിച്ച് എറൈസ് പദ്ധതി ആരംഭിച്ചു.<br>(3)വയോജന പരിപാലനത്തിനായി ഹർഷം പദ്ധതി ആരംഭിച്ചു<br>(4)അജൈവ മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മസേന പദ്ധതി ആരംഭിച്ചു. ഇതിൽ 23,283 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>(5) കുഞ്ഞുങ്ങൾക്ക് അംഗൻവാടികളിൽ ടേക്ക് ഹോം റേഷൻ ആയി നൽകുന്ന അമൃതംപൊടി കൂടുതൽ പോഷക സമ്പുഷ്ടമാക്കുന്നതിനായി ന്യൂട്രിമിക്സ് ഫെർട്ടിലൈസേഷൻ നടപ്പിലാക്കി.<br>(6)സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി 'ലീപ്' പദ്ധതി നടപ്പിലാക്കി.<br>(7) 2017 ൽ ജീവനം ക്യാമ്പെയിനിലൂടെ 5115 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും 15000 പേർക്ക് സ്വയംതൊഴിൽ ലഭ്യമാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | (8)2020 ൽ ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപദ്ധതിയോടനുബന്ധിച്ച് അതിജീവനം - കേരളീയം ക്യാമ്പയിനോട് അനുബന്ധിച്ച് 40,917 പേർക്ക് തൊഴിൽ ലഭ്യമാക്കി.<br>(9)ഓരോ ജില്ലയിലും ഒരേ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഒരുമിപ്പിച്ച് ഒരേ ഉൽപ്പന്നങ്ങൾ വലിയ തോതിൽ ഉത്പാദിപ്പിച്ച് ഒരേ രീതിയിൽ ബ്രാൻഡിംഗ്, പാക്കിംഗ് എന്നിവ നടപ്പിലാക്കുന്നതിനായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിച്ചു.<br><u>സ്ത്രീശാക്തീകരണത്തിനായുള്ള പ്രവർത്തനങ്ങൾ</u><br>ഏഷ്യയിലെ ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയായി വളരാൻ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്.<br>നാളിതുവരെ മൂന്ന് ലക്ഷത്തോളം അയൽക്കൂട്ടങ്ങളിലായി 45 ലക്ഷം സ്ത്രീകളെ ഒറ്റ കുടക്കീഴിൽ കൊണ്ടുവരാനും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ വികസന കാര്യങ്ങളിൽ ഇടപെടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിനും കുടുംബശ്രീക്ക് സാധിച്ചു.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ജില്ലാതലത്തിൽ സ്നേഹിത സെന്ററുകൾ സ്ഥാപിക്കുകയും മുൻസിപ്പൽ പഞ്ചായത്തുകളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതം 2015-16-ൽ പ്ലാൻ ഫണ്ട് 75 കോടി രൂപയിൽ നിന്നും 2020-21-ൽ 200 കോടിയിലേക്ക് ഉയർത്താൻ ഈ സർക്കാരിനു സാധിച്ചു. ഇതു കൂടാതെ 2018-ലെ പ്രളയാനന്തരം, പ്രത്യേക ജീവനോപാധി വികസന പാക്കേജായി 2019-20-ൽ 25 കോടി രൂപയും 2020-21-ൽ 50 കോടി രൂപയും കുടംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരളയുടെ ഭാഗമായി ഉപജീവനത്തിനായി കുടുംബശ്രീക്കു വേണ്ടി 250 കോടി രൂപ പ്രത്യേകമായി നൽകാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സംയോജനം സാധ്യമാക്കിക്കൊണ്ട് കുടുംബശ്രീക്ക് കൂടുതൽ ഫണ്ട് വകയിരുത്താനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ കുടുംബശ്രീ വഴി തൊഴിൽ രഹിതരായ സ്ത്രീകൾക്ക് മികച്ച വരുമാനം ഉറപ്പുവരുത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (സി) | കുടുംബശ്രീ വനിതകൾക്ക് കാർഷിക വൃത്തിയിലൂടെയും കാർഷിക സംരംഭങ്ങളിലൂടെയും ഉപജീവനം കണ്ടെത്തുന്നതിനും വിവിധ പദ്ധതികൾ വിഭാവനം ചെയ്തിരുന്നു. ആയതിന്റെ വിവരം ചുവടെചേർക്കുന്നു.<br>നിലവിൽ 72397 കൃഷി സംഘങ്ങളിലായി 326713 വനിതകർഷകർ 50,000 ഹെക്ടർ കൃഷിഭൂമിയിൽ കൃഷി ചെയ്തുവരുന്നു.<br>201 ക്ലസ്റ്ററിലായി 5884 ഹെക്ടർ ഭൂമിയിൽ നിലവിൽ 75243 ജൈവ കർഷകർ കൃഷി ചെയ്തുവരുന്നു.<br>നാളിതുവരെ 201 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും (964 അംഗങ്ങൾ) 509 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും (1367 അംഗങ്ങൾ) 1143 അഗ്രി ബിസിനസ് സംരംഭങ്ങളും (2311 അംഗങ്ങൾ) ആരംഭിച്ചിട്ടുണ്ട്.<br>**<u>മൃഗസംരക്ഷണ മേഖല</u>**<br>മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ വഴി തൊഴിൽ രഹിതരായ സ്ത്രീകൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിലേയ്ക്ക് ആട്ടുഗ്രാമം, ക്ഷീരസാഗരം പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയുണ്ടായി. ക്ഷീരസാഗരം പദ്ധതി വഴി 5802 സ്ത്രീകൾക്ക് പശുവളർത്തൽ യൂണിറ്റുകൾ രൂപീകരിക്കുന്നതിലേയ്ക്ക് 21,02,55,037/- സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആട്ടുഗ്രാമം പദ്ധതി വഴി 7119 സ്ത്രീകൾക്ക് ആട്ടുവളർത്തൽ യൂണിറ്റുകൾ രൂപീകരിക്കുന്നതിലേയ്ക്ക് 7,03,02,500/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ക്ഷീര കർഷകർക്ക് വരുമാനം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് വാല്യൂ അഡിഷൻ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകിവരുന്നു. നിലവിൽ 49 യൂണിറ്റുകളിലായി 205 കുടുംബശ്രീ വനിതകൾ ടി പ്രവർത്തനത്തിൽ ഭാഗമായിട്ടുണ്ട്. നിലവിലെ ക്ഷീര കർഷകർക്ക് പ്രവർത്തന മൂലധനം കണ്ടെത്തുന്നതിലേയ്ക്ക്, കാർഷിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (സിഐഎഫ് ലോൺ) എം.കെ.എസ്.പി. പദ്ധതി വഴി 100 സിഡിഎസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | എബിസി പദ്ധതി വഴി തെരുവുനായ നിയന്ത്രണ പദ്ധതിയിൽ ഭാഗമാകുന്നതിനും അതുവഴി ഉപജീവനം കണ്ടെത്തുന്നതിനും കുടുംബശ്രീ വനിതകൾക്ക് അവസരമൊരുക്കി.<br>**കേരള ചിക്കൻ**<br>കേരള ചിക്കൻ പദ്ധതി മുഖാന്തരം കുടുംബശ്രീ അംഗങ്ങൾക്ക് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 52 ഫാമുകളും 24 ഔട്ട് ലെറ്റുകളും ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | കുടുബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഇരുപത് രൂപയ്ക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന ഭക്ഷണശാലകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 856 ജനകീയ ഹോട്ടലുകൾ (ഗ്രാമപ്രദേശത്തിൽ 719-ഉം നഗര പ്രദേശത്ത് 137-ഉം) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ